# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5638 02.11.2016 -ൽ മറുപടിക്ക്

## ഗ്രീൻകാർപ്പറ്റ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) ഗ്രീൻകാർപ്പറ്റ് പദ്ധതിയിൽ കൊല്ലം ജില്ലയിലെ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളെ യാണ് ഉൾപ്പെടുത്തിയിട്ടുണ്ട്; | എ) ആശ്രാമം (അഡ്വഞ്ചർ പാർക്ക്, ചിൽഡ്രൺസ് പാർക്ക്, ആർട്ട് കഫേ), പാലരുവി, തെന്മല, ശ്ലാപ്പന, കൊല്ലം ബീച്ച്. |
| ബി) പ്രസ്തുത പദ്ധതിയിൽപെടുത്തി എന്തെല്ലാം കർമ്മപരിപാടി കളാണ് ഈ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്ന തെന്ന് വിശദമാക്കുമോ? | ബി) തെരഞ്ഞെടുത്ത വിനോദ സഞ്ചാരകേന്ദ്ര ങ്ങളിൽ താഴെ പറയുന്ന കാര്യങ്ങളാണ് ഗ്രീൻ കാർപ്പറ്റ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.<br>1. വൃത്തിയും ശുചിത്വവുമുള്ള പരിസരം. ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും.<br>2. നിലവാരമുള്ള പൊതുശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും.<br>3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും ലഭ്യമാക്കുക.<br>4. സുഗമമായ സഞ്ചാരത്തിനുള്ള നടപ്പാതകൾ, ലൈറ്റിംഗ്, സൂചക ബോർഡുകൾ സ്ഥാപിക്കുക<br>5. പ്രകൃതിയുടെ സ്വാഭാവികത |

നിലനിർത്താനുള്ള നടപടികൾ

6. വിനോദ സഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പ് വരുത്തൽ, അടിയന്തിര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്ന തിനുള്ള സംവിധാനം

7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം.

8. ജീവനക്കാർ, സന്നദ്ധ പ്രവർത്ത കർ എന്നിവർക്ക് കൃത്യമായ പരിശീലനം, തിരിച്ചറിയൽ കാർഡ്.

9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം

10. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി ഉത്തര വാദിത്തപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തുക എന്നിവ യ്ക്കാണ് ഈ പദ്ധതിയിൽ പ്രാമുഖ്യം നൽകി യിട്ടുള്ളത്. ഇതിനു പുറമേ ഭിന്നശേഷി സൗഹൃദ സൗകര്യ ങ്ങളും സാധ്യമായ മേഖലകളിൽ ഏർപ്പെട്ടു ത്തുന്ന കാര്യവും പരിഗണിക്കുന്നതാണ്.

Anuradha

സെക്ഷൻ ഓഫീസർ.